# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7645 23/07/2012 ൽ മറുപടിക്ക്

പി.എസ്.സി.യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. വഴിയുള്ള ഉദ്യോഗങ്ങൾക്ക് ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്; | (എ) 2012 ജനുവരി ഒന്നു മുതൽ |
| (ബി) ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പാക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) പി.എസ്.സിയിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് അഭ്യസ്തവിദ്യരായ ആദിവാസി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് കേരള യൂത്ത് വെൽഫയർ ബോർഡും ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി സഹകരിച്ച് ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. മാത്രമല്ല വെബ്സൈറ്റ്, പത്രമാദ്ധ്യമങ്ങൾ, പി.എസ്.സി ബുള്ളറ്റിൻ, ഗവൺമെന്റ് ഗസറ്റ് എന്നിവയിലൂടെ ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിവരുന്നു. ജില്ലാ താലൂക്ക് തലങ്ങളിൽ പി.എസ്.സിയുടെ ഹെൽപ്പ് ഡെസ്ക് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ തുടർന്നും നേരിട്ട് അപേക്ഷ നൽകാൻ അവസരം നൽകുമോ; വിശദമാക്കുമോ? | (സി) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയതിനുശേഷം ഓൺലൈൻ വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടി അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്ന സമ്പ്രദായം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ